**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 297 29.06.16 ലെ മറുപടിക്ക്**

## "സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | | ശ്രീ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും, കയറും വകുപ്പ് മന്ത്രി) | |
| (എ) | മുൻ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനതല സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 01.09.2011-ൽ ആരംഭിച്ചു. വാഹന പരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം 27.11.2012 മുതൽ അമരവിള ടോൾ ജംഗ്ഷനിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി ലക്ഷ്യമിട്ടിരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി)<br>&<br>(സി) | വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്ക് വാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്ക നീക്കം സുഗമവും വേഗത്തിലുമാക്കുക. ചരക്ക വാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ് പ്രവർത്തന ലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേ സമയം നടക്കുന്നതിനാൽ വാഹനങ്ങൾ വേഗത്തിൽ കടത്തി വിടുന്നതിന് സഹായിക്കുന്നു. കേന്ദ്രീകൃത പരിശോധനയ്ക്കായി അത്യാധുനിക സംവിധാനങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കും. സുതാര്യവും, അഴിമതിരഹിതവും, സമയലാഭവും, കാര്യക്ഷമതയും ഇതിലൂടെ സാദ്ധ്യമാകുന്നു. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഈ ചെക്ക്പോസ്റ്റുകൾ വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | | |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സംവിധാനം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | വാളയാർ, മുത്തങ്ങ, ബംഗ്രമഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ബംഗ്രമഞ്ചേശ്വരത്ത് ഇതിനായി 9.33 ഏക്കർ സ്ഥലം ഏറ്റെടുത്തു. നാറ്റ്പാക്കിനെക്കൊണ്ട് പഠനം നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വാളയാറിൽ കണ്ടെത്തിയ 12.49 ഹെക്ടർ സ്ഥലം, പാരിസ്ഥിതിക ആഘാതമുള്ളതാണെന്ന് നിയമസഭ പരിസ്ഥിതി സമിതി കണ്ടെത്തിയിട്ടുള്ളതിനാൽ മറ്റൊരു സ്ഥലം കണ്ടെത്തിയിട്ടുണ്ട്. വാളയാർ ഔട്ട് ചെക്ക് പോസ്റ്റിലെ 1.3 ഏക്കർ സ്ഥലത്ത് ചെക്ക്പോസ്റ്റ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുത്തങ്ങയിൽ 7.96 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 7,27,60,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആര്യങ്കാവിൽ നിലവിലെ ചെക്ക്പോസ്റ്റ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വഴിക്കടവിൽ വനഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

**സെക്ഷൻ ആഫീസർ.**